# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2107 — 19/06/2012 ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ചലച്ചിത്ര അക്കാഡമി എന്നിവയുടെ പ്രവർത്തനങ്ങൾ

ചോദ്യം — ഉത്തരം

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമയുടെ പ്രോത്സാഹനാർത്ഥം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | നല്ല ചലച്ചിത്ര അവബോധം സൃഷ്ടിക്കാനായി ചലച്ചിത്രോത്സവങ്ങൾ, ചലച്ചിത്ര അവാർഡ് തുടങ്ങിയവ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ചുവരുന്നു. മറ്റ് മേളകളിലേയ്ക്ക് മലയാള ചിത്രങ്ങൾ അയയ്ക്കാനുള്ള ശ്രമം നടത്താറുണ്ട്. ഇതിനുള്ള സബ് ടൈറ്റിലിങ് സൗകര്യം അക്കാദമി നൽകുന്നു.<br>ചിത്രാഞ്ജലിയുടെ എല്ലാ സാങ്കേതിക സൗകര്യങ്ങളും ഉപയോഗിച്ച് പാക്കേജ് വ്യവസ്ഥയിൽ നിർമ്മിക്കുന്ന മലയാളം ചിത്രങ്ങൾക്ക് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ 4 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ, കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോ, ചിത്രാഞ്ജലി കൊച്ചി സ്റ്റുഡിയോ എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഒറ്റപ്പാലം ഫിലിംസിറ്റി, ചിത്രാഞ്ജലി ഫിലിംസിറ്റി എന്നീ പദ്ധതികളുടെ നടപടികൾ പുരോഗമിക്കുന്നു. കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ തിയേറ്ററുകളും നവീകരണത്തിന്റെ പാതയിലാണ്. |
| (ബി) | അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>അന്തർദ്ദേശീയ, ദേശീയ തലത്തിലുള്ള ചലച്ചിത്രമേളകൾ സംഘടിപ്പിക്കുക, സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ചലച്ചിത്ര മേഖലയിലെ ഓരോ വിഭാഗത്തിനും പ്രത്യേകമായി അവാർഡുകൾ നൽകുക, കൂടാതെ ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, ഡി.വി.ഡികൾ പുറത്തിറക്കുക, ചർച്ചകൾ സംഘടിപ്പിക്കുക, കുട്ടികൾക്കുവേണ്ടി ചലച്ചിത്രക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ മേഖലയിലെ ഗവേഷണത്തിന് ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എക്സിബിഷനുകൾ ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്.<br><br>ചലച്ചിത്ര നിർമ്മാതാക്കളെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ ഓരോ ഘട്ടത്തിലും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പിൽ വരുത്തിയ പാക്കേജ് പദ്ധതി പ്രകാരം 2 ലക്ഷം രൂപ അഡ്വാൻസ് നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ, എല്ലാ സാങ്കേതികസൗകര്യങ്ങളും സ്റ്റുഡിയോ സൗകര്യങ്ങളും (നെഗറ്റീവ്/പോസിറ്റീവ് ഇല്ലാതെ) 150 ദിവസം വരെയുള്ള കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മറ്റൊരു പദ്ധതിയായ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം 2 ലക്ഷം രൂപാ അഡ്വാൻസും 5 ലക്ഷം രൂപായുടെ ബാങ്ക് ഗ്യാരന്റിയും നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ മുഴുവൻ സാങ്കേതിക സൗകര്യങ്ങളും നൽകുന്നതിനു പുറമേ നെഗറ്റീവ് ഫിലിം 90 ദിവസത്തേയ്ക്കും സാങ്കേതികസൗകര്യങ്ങൾ 150 ദിവസത്തേയ്ക്കും ക്രെഡിറ്റായി നൽകുന്നുണ്ട്.<br><br>ചിത്രാഞ്ജലി പ്ലസ് എന്ന പദ്ധതി പ്രകാരം 2 ലക്ഷം രൂപയും സാറ്റലൈറ്റ് Buyer-ഉടെ tripatriate agreement-ഉം ഉറപ്പായി നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും 150 ദിവസത്തെ കാലാവധിക്കും, നെഗറ്റീവിനും പോസിറ്റീവിനും 90 ദിവസത്തെ കാലാവധിയ്ക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.<br><br>ചിത്രാഞ്ജലി സൂപ്പർ പ്ലസ് എന്ന മറ്റൊരു പദ്ധതി പ്രകാരം മിനിമം രണ്ട് ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ളതും, രണ്ട് ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുള്ളതുമായ സംവിധായകർക്ക് ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങൾക്കും 150 ദിവസത്തെ കാലാവധിക്കും നെഗറ്റീവിനും പോസിറ്റീവിനും 90 ദിവസത്തെ കാലാവധിയ്ക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സൗകര്യങ്ങൾക്ക് പുറമേ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതികസൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് 4 ലക്ഷം രൂപാ സബ്സിഡി നൽകുന്നു. ഇതിനുപുറമേ സംസ്ഥാന/ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരുകളുടെ അവാർഡുകൾ നേടുന്ന മലയാള ചിത്രങ്ങൾക്ക് സബ്സിഡി തുകയ്ക്കു പുറമേ രണ്ടു ലക്ഷം രൂപ സാമ്പത്തിക സഹായം കൂടി സർക്കാർ നൽകുന്നു.<br><br>വീഡിയോ ചിത്രനിർമ്മാതാക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയിൽ അത്യാധുനിക സംവിധാനങ്ങൾ എഡിറ്റിംഗിനായും റിക്കോർഡിംഗിനായും ഏർപ്പെടുത്തി കഴിഞ്ഞു.<br><br>ചിത്രാഞ്ജലി റിക്കോർഡിംഗ് സ്റ്റുഡിയോയ്ക്ക് പുറമേ അത്യാധുനിക സാങ്കേതികസൗകര്യങ്ങളോടു കൂടി കൊച്ചിയിൽ പുതുതായി ഒരു റിക്കാർഡിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു.<br><br>ചിത്രാഞ്ജലിയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾക്ക് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകളിൽ റിലീസ് ചെയ്യുമെന്ന ഉറപ്പിന്മേൽ നിശ്ചിത കാലാവധിയ്ക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) | ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക രീതിയിലുള്ള ലൈറ്റുകൾ, മറ്റുപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി നവീകരിക്കുകയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ DTS, സൗണ്ട് മിക്സിംഗ് സൗകര്യം, പുതിയ ഷൂട്ടിംഗ് ഫ്ളോർ എന്നിവ സ്ഥാപിക്കുകയും ചെയ്തു. തിരുവനന്തപുരം കലാഭവൻ ഒഴികെ എല്ലാ തിയേറ്ററുകളിലും DTS ശബ്ദ സംവിധാനം ഏർപ്പെടുത്തി. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള കലാഭവൻ, |

| | | | |
|---|---|---|---|
| | | | ചിറ്റൂർ തിയേറ്ററുകൾ ഒഴികെ ബാക്കിയുള്ള തിയേറ്ററുകളിൽ ആധുനിക QUBE ഡിജിറ്റൽ പ്രൊജക്ഷൻ സ്ഥാപിച്ചു. എറണാകുളം കേന്ദ്രമാക്കി എഡിറ്റിംഗ്, റിക്കാർഡിംഗ് സ്റ്റുഡിയോ സ്ഥാപിച്ചു. |
| (ഡി) | കേരള ചലച്ചിത്ര അക്കാദമി നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഡി) | ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധിയായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുകയും കാലാകാലങ്ങളിൽ സർക്കാരിന്റെ സിനിമാ സംബന്ധിയായ നയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുകയും ചെയ്യുക, ചലച്ചിത്ര വീഡിയോ ആർക്കൈവ്സ് രൂപീകരിക്കുകയും ദൃശ്യ-ശ്രാവ്യ ഗ്രന്ഥാലയം സ്ഥാപിക്കുകയും ചെയ്യുക, ഫിലിംഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക, ദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, സംസ്ഥാന ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയം, വിതരണം എന്നിവ ഉറപ്പാക്കുക, പൊതുജനങ്ങളുടെ ആവശ്യത്തിനായി സഞ്ചരിക്കുന്ന സിനിമാശാലകളുടെ പ്രവർത്തനം നടത്തുക, ചലച്ചിത്ര വ്യവസായത്തിനും സർക്കാരിനുമിടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുക, നല്ല കലാമൂല്യമുള്ള സിനിമകളെ അന്തർദ്ദേശീയ തലത്തിൽ പ്രോത്സാഹിപ്പിക്കുക, സംസ്ഥാന ചലച്ചിത്ര ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, സർക്കാരിന്റെ ടെലിവിഷൻ ചാനൽ സ്ഥാപനം സംബന്ധിച്ച് സർക്കാരിന് മാർഗ്ഗ നിർദ്ദേശം നൽകുകയും നടപ്പാക്കുകയും ചെയ്യുക, കുട്ടികളുടെ ചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും സ്കൂളുകളിൽ ഫിലിം ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യുക, മലയാള സിനിമാ ചരിത്ര സംബന്ധിയായ ഗവേഷണങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുക, ചലച്ചിത്രാസ്വാദന കോഴ്സുകൾ സംഘടിപ്പിക്കുക, സിനിമ, ടെലിവിഷൻ സംബന്ധമായ പുസ്തകങ്ങളും ജേർണലുകളും പ്രസിദ്ധീ |

| | | | |
|---|---|---|---|
| | | | കരിക്കുക, ധനസഹായം ഉൾപ്പെടെ നൽകി ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ ഉജ്ജീവിപ്പിക്കുക, സിനിമ, ടെലിവിഷൻ, മറ്റുകലകൾ സംബന്ധമായ സെമിനാറുകളും, മീറ്റിംഗുകളും, പ്രഭാഷണങ്ങളും, സിംപോസിയങ്ങളും സംഘടിപ്പിക്കുക. സംസ്ഥാനത്തും രാജ്യത്തുമുള്ള പ്രമുഖ ചലച്ചിത്ര പ്രതിഭകളെ ആദരിക്കുക, മലയാള ചലച്ചിത്രങ്ങൾക്കുള്ള ധനസഹായ പദ്ധതി നടപ്പാക്കുക. തിയേറ്ററുകളിൽ നിന്നും ശേഖരിക്കുന്ന സർവ്വീസ് ചാർജ്ജിൽ നിന്നും സിനിമാ കലാകാരന്മാർക്ക് പെൻഷനും ചികിത്സാധനസഹായവും നൽകുക തുടങ്ങിയവ. |

സെക്ഷൻ ഓഫീസർ